"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് -വടക്കാഞ്ചേരി -തൃശ്ശൂർ സെക്ഷൻ ദേശീയ പാതാ വികസനം മൂലം (എൻ.എച്ച് 544-കുതിരാൻ ടണൽ നിർമ്മാണത്തിനായി ഏറ്റെടുത്ത വനഭൂമി) നഷ്ടമാകുന്ന വനഭൂമിക്ക് പകരം കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ട 1.4318 ഹെക്ടർ AW വിഭാഗത്തിൽപ്പെടുന്ന റവന്യൂ ഭൂമി, കേന്ദ്ര പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ(എം) വകുപ്പ്

സ.ഉ.(കൈ) നം.291/2022/RD തീയതി,തിരുവനന്തപുരം, 09-12-2022

പരാമർശം:-

1. ലാന്റ് റവന്യൂ കമ്മീഷണറുടെ 02/10/2021-ലെ എൽ.ആർ.കെ2-3386/2021 നമ്പർ കത്ത്
2. കാസർഗോഡ് ജില്ലാ കളക്ടറുടെ 24/11/2021-ലെ ഡിസി കെ എസ് ജി ഡി/7252/2020-സി1 നമ്പർ കത്ത്.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 19/04/2022-ലെ എൽ.ആർ/3386/2021-എൽ.ആർ(കെ2) നമ്പർ കത്ത്

**ഉത്തരവ്**

വടക്കാഞ്ചേരി -തൃശ്ശൂർ സെക്ഷൻ ദേശീയ പാതാ വികസനം മൂലം (എൻ.എച്ച് 544-കുതിരാൻ ടണൽ നിർമ്മാണത്തിനായി ഏറ്റെടുത്ത വനഭൂമി) നഷ്ടമാകുന്ന വനഭൂമിക്ക് പകരം പരിഹാര വനവത്കരണത്തിനായി കാസർഗോഡ് ജില്ലയിൽ അമ്പലത്തറ വില്ലേജിലെ **1.4318 ഹെക്ടർ** ഭൂമി വനം വകുപ്പിന് കൈമാറുന്നതിനു കാസറഗോഡ് ജില്ലാ കളക്ടർ, ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം സമർപ്പിച്ച പരാമർശം (1) പ്രൊപ്പോസൽ പരിഗണിക്കേണ്ടതില്ലെന്നും പകരം ഭീമനടി വില്ലേജിൽ കമ്മാടംകാവ് സ്ഥിതി ചെയ്യുന്ന ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്നും പരാമർശം (2) പ്രകാരം ജില്ലാ കളക്ടർ അറിയിച്ചിരുന്നു.

**2)** പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ പ്രകാരമുള്ള ഭൂമി വെള്ളരിക്കുണ്ട് താലൂക്കിലെ ഭീമനടി വില്ലേജിലെ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ടതും വനഭൂമിക്ക് സമാനവുമായ 1.4318 ഹെക്ടർ ഭൂമിയാണെന്ന് കാണുന്നു. സർവ്വെ പ്ലാനിൽ A മാർക്ക് രേഖപ്പെടുത്തിയിട്ടുള്ള പ്രസ്തുത ഭൂമി വില്ലേജ് റിക്കാർഡുകൾ പ്രകാരം AW (അസസ്ഡ് വേസ്റ്റ്) ഇനത്തിൽപെടുന്നതും, ഇടതൂർന്ന മരങ്ങളോടുകൂടി വനസമാനമായി കാണപ്പെടുന്നതുമാണ്. പ്രസ്തുത ഭൂമി നെൽ വയൽ, തണ്ണീർത്തടം, ജലസ്രോതസ്സ്, തീരം, സംരക്ഷിത സ്മാരകങ്ങൾ, വികസന സോണുകൾ, CRZ /മറ്റ് വിഭാഗങ്ങളിൽ വിജ്ഞാപനം ചെയ്ത നിയന്ത്രിത പ്രദേശങ്ങൾ എന്നിവയിൽ ഉൾപ്പെടാത്തതുമാണ്.

**3)** ഫെയർവാല്യൂ രജിസ്റ്റർ പ്രകാരം പ്രസ്തുത ഭൂമി ഗവൺമെന്റ് പ്രോപ്പർട്ടി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, ലാൻഡ് കോഡ് നമ്പർ KRD 140132001 പ്രകാരം കേരള ലാൻഡ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത ഭൂമിക്ക് തൊട്ടടുത്തുള്ള പട്ടയ ഭൂമി (റീസർവ്വെ നം. 604/2- ഗാർഡൻ ലാൻഡ് വിത്ത് റോഡ് ആക്സസ്) ഒരു ആറിന് 20,160/- രൂപ ന്യായവില രേഖപ്പെടുത്തിയിട്ടുണ്ട്. ഇടതൂർന്ന മരങ്ങളോടുകൂടിയ വനസമാനമായി കാണപ്പെടുന്ന സ്ഥലമായതിനാൽ അനുഭവങ്ങൾ തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.

**4)** ഈ സാഹചര്യത്തിൽ, കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ട 1.4318 ഹെക്ടർ സ്ഥലം രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പരിഹാരവനവത്കരണത്തിനായി വനം വകുപ്പിന് കൈമാറാവുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യുകയും ടി വിഷയത്തിൽ മുൻപ് സമർപ്പിച്ച ശുപാർശ പരിഗണിക്കേണ്ടതില്ലെന്ന് അറിയിക്കുകയും ചെയ്തിരുന്നു.

**5)** Forest (Conservation) Act 1980, Forest Conservation Rules,2003 എന്നിവയിന്മേൽ വ്യക്തത വരുത്തിക്കൊണ്ട് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി നല്കുന്ന ഭൂമി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യേണ്ടതാണ്. എന്നാൽ സേവന വകുപ്പുകൾ തമ്മിൽ കൈമാറ്റം ചെയ്യപ്പെടുന്ന എല്ലാ സർക്കാർ ഭൂമികളും കേരള ഭൂസംരക്ഷണ നിയമത്തിന്റെ പരിരക്ഷ ലഭിക്കും വിധം സർക്കാർ വക പുറമ്പോക്കാക്കി റവന്യൂ രേഖകളിൽ നിലനിർത്തേണ്ടതും 1966 ലെ പോക്കുവരവ് ചട്ടങ്ങളിലെ നടപടികൾ യാതൊരു കാരണവശാലും സ്വീകരിക്കാവുന്നതുമല്ല

**6)** ഈ കേസിൽ രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റവ്യവസ്ഥകൾ പ്രകാരമല്ല പരിഹാര വനവത്കരണത്തിനായി വനം വകുപ്പിന് ഭൂമി കൈമാറി നല്കേണ്ടത്, പകരം കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി നല്കുന്ന ഭൂമി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കുകയാണ് ചെയ്യേണ്ടത് എന്ന് കാണുകയുണ്ടായി .

**7)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വടക്കാഞ്ചേരി -തൃശ്ശൂർ സെക്ഷൻ ദേശീയ പാതാ വികസനം മൂലം (എൻ.എച്ച് 544-കുതിരാൻ ടണൽ നിർമ്മാണത്തിനായി ഏറ്റെടുത്ത വനഭൂമി) നഷ്ടമാകുന്ന വനഭൂമിക്ക് പകരം കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ട 1.4318 ഹെക്ടർ AW വിഭാഗത്തിൽപ്പെടുന്ന റവന്യൂ ഭൂമി, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം

സ.ഉ.(കൈ) നം.291/2022/RD

ജില്ലാ കളക്ടർ, കാസർഗോഡ്

റീജിയണൽ ഓഫീസർ , നാഷണൽ ഹൈവേ അതോറിട്ടി ഓഫ് ഇന്ത്യ , റീജിയണൽ ഓഫീസ്, കേരള

തഹസിൽദാർ, ഹോസ്ദുർഗ്ഗ് താലൂക്ക്

ധനകാര്യ വകുപ്പ് (26.07.2022-ലെ EXP-A1/332/2022-FIN പ്രകാരം)

വനം വകുപ്പ് (21.10.2022ലെ FWLD-C2/108/2022-FWLD പ്രകാരം)

പൊതുമരാമത്ത് വകുപ്പ്

പൊതുഭരണ (എസ്.സി)വകുപ്പ് (07/12/2022-ലെ ഇനം നമ്പർ 1248 പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Kumari Sindhu S**
**Date: 09-12-2022 16:34:43**
സെക്ഷൻ ഓഫീസർ

## Translation

## Kerala Government

Revenue Department – Transfer of Revenue land of 1.4318 hectares of AW category land belonging to bheemanadi village in vellarikundu taluk in Kasaragod district is to replace in lieu to forest land lost due to National highway development in Vadakancherry Thrissur section (construction of NH 544-Kutiran tunnel), handing over the ownership to the Kerala state Forest Department for afforestation as per the order/ guidelines issued by MOEF & CC-reg

Revenue (M) Department

**G.O. (M/S)291/2022/RD dated Thiruvananthapuram, 09-12-2022**

Reference :

1.Land Revenue Commissionaire Letter No LRK2-3386/2021 dated 02/10/2021.

2 Kasargod District Collector's letter No. DC KSGD 7252/2020-C1 dated 24/11/2021.

3. Land Revenue Commissioner's letter no.LR/3386/2021 LR(K2) dated 19/04/2022

## Order

1. The Kasaragod District Collector and Land Revenue Commissioner ,Kerala vide ref.(1) submitted not consider the proposal of transfer of 1.4318 hectares of land in Ambalathara village in Kasaragod district to the forest department for remedial afforestation to replace the forest land lost due to the development of Vadakancherry-Thrissur section national highway (forest land acquired for the construction of NH 544- Kutiran tunnel). According the District Collector vide ref.(2) informed that instead of initial proposal , a proposal for transfer of the land on which Kammadamkav is located in Bhimanadi village will be submitted and can be considered for CA land

2. The land as per the revised proposal submitted by the Land Revenue Commissioner vide ref.(3) is found to be 1.4318 hectares of land belonging to resurvey No. 553 of Bhimanadi Village of Vellarikund Taluk , which have nature similar to forest land. The land was marked as A in the survey plan falls under the category of AW (Assessed Waste) as per village records and is having dense trees like forest. The said land does not belong to paddy field, wetland, water body, coast, protected monuments, development zones and restricted areas notified under CRZ/other categories.

3. The said land is recorded as Government property as per Fair Value Register and belongs to Kerala Land Bank under Land Code No. KRD - 140132001. Pattaya Bhoomi (Re survey No. 604/2 Garden Land with Road Access).Adjacent to the said land has a fair value of Rs.20,160/- per are. As the place is like a forest with dense trees, it is not possible to assess the improvements in it.

In this case, the District Collector had reported that 1.4318 hectares of land belonging to Reserve No. 553 in Bhimanadi village in Vellarikund taluk of Kasaragod district could be

handed over to the Forest Department for remedial afforestation subject to the terms and conditions of transfer of land between the two service departments and the Land Revenue Commissionaire had recommended that the recommendation submitted earlier in the matter should not be considered. .

5. According to the guidelines issued by the Ministry of Environment, Forests and Climate Change by clarifying the Forest (Conservation) Act 1980 and Forest Conservation Rules, 2003, the land provided for remedial afforestation should be transferred in the name of the State Forest Department. But all government lands transferred between service departments should be retained in the revenue records as government expropriation to be covered by the Kerala Land Preservation Act and the steps in the Expropriation Rules, 1966 cannot be taken under any circumstances.

6. In this case, it was seen that the land should not be handed over to the Forest Department for remedial afforestation as per the terms of transfer of land between the two service departments, instead, as per the guidelines issued by the Ministry of Environment, Forests and Climate Change, the ownership of the land given for remedial afforestation should be transferred to the Forest Department in order to move the land on behalf of the State Forest Department.

7. Government has looked into the matter in detail and considered that 1.4318 hectares of AW category land belonging to bheemanadi village in vellarikundu taluk in Kasaragod district is to replace in lieu to forest land lost due to National highway development in Vadakancherry Thrissur section (construction of NH 544-Kutiran tunnel), handing over the ownership to the Kerala state Forest Department for afforestation as per the order/ guidelines issued by MOEF & CC..

(By order of the Governor)

Dr.A. Jayathilak IAS
Additional Chief Secretary

Commissioner of Land Revenue, Thiruvananthapuram .

Accountant General (A&E/Audit), Kerala, Thiruvananthapuram.

District Collector, Kasaragod. Regional Officer,

National Highway Authority of India Regional Office, Kerala.

Tehsildar, Hozdurg Taluk.

Finance Department (as per EXP-A1/332/2022-FIN dated 26.07.2022).

Forest Department (as per FWLD-C2/108/2022-FWLD dated 21.10.2022).

Public Works Department. Public Administration (SC) Department (as per Item No. 1248 dated 07/12/2022).

Information Officer, Public Relations (Web & New Media) Department.

Stock File/Office Copy.

By order

Signed by Kumari Sindhu S

Date: 09-12-2022 16:34:43

Section Officer

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 07-12-2022

ഫയൽ നം. എം3/135/2021/റവ.  ഇനം നം: 1248

വിഷയം : റവന്യൂ വകുപ്പ് - വടക്കാഞ്ചേരി-തൃശ്ശൂർ സെക്ഷൻ ദേശീയപാതാ വികസനം മൂലം (എൻ.എച്ച് 544 - കുതിരാൻ ടണൽ നിർമ്മാണത്തിനായി ഏറ്റെടുത്ത വനഭൂമി) നഷ്ടമാകുന്ന വനഭൂമിക്ക് പകരം കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ട 1.4318 ഹെക്ടർ AW വിഭാഗത്തിൽപ്പെടുന്ന റവന്യൂ ഭൂമി, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

Received on 4.15 pm

അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്.

1248

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം3/135/2021/റവ |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | വടക്കാഞ്ചേരി -തൃശ്ശൂർ സെക്ഷൻ ദേശീയ പാതാ വികസനം മൂലം (എൻ.എച്ച് 544-കുതിരാൻ ടണൽ നിർമ്മാണത്തിനായി ഏറ്റെടുത്ത വനഭൂമി ) നഷ്ടമാകുന്ന വനഭൂമിക്ക് പകരം കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ട 1.4318 ഹെക്ടർ AW വിഭാഗത്തിൽപ്പെടുന്ന റവന്യൂ ഭൂമി, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം(ownership) വനം വകുപ്പിന് കൈമാറി നൽകുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12.11.2022 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അതെ |
| | ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് (വനം വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. എം.ജി. രഞ്ജിത് കുമാർ |
| 8. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ. ജയതിലക് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.11.2022 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 2.12.2022 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 5.12.2022 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 7.12.2022 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

വടക്കാഞ്ചേരി തൃശ്ശൂർ സെക്ഷൻ ദേശീയ പാതാ വികസനം മൂലം (എൻ.എച്ച് 544-കുതിരാൻ ടണൽ നിർമ്മാണത്തിനായി ഏറ്റെടുത്ത വനഭൂമി നഷ്ടമാകുന്ന വനഭൂമിക്ക് പകരം പരിഹാര വനവത്കരണത്തിനായി കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ട 1.4318 ഹെക്ടർ AW വിഭാഗത്തിൽപ്പെടുന്ന റവന്യൂ ഭൂമി, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) വടക്കാഞ്ചേരി -തൃശ്ശൂർ സെക്ഷൻ ദേശീയ പാതാ വികസനം മൂലം (എൻ.എച്ച് 544-കുതിരാൻ ടണൽ നിർമ്മാണത്തിനായി ഏറ്റെടുത്ത വനഭൂമി) നഷ്ടമാകുന്ന വനഭൂമിക്ക് പകരം പരിഹാര വനവത്കരണത്തിനായി കാസർഗോഡ് ജില്ലയിൽ അമ്പലത്തറ വില്ലേജിലെ 1.4318H ഭൂമി വനം വകുപ്പിന് കൈമാറുന്നതിനു ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കേണ്ടതില്ലെന്നും പകരം ഭീമനടി വില്ലേജിൽ കമ്മാടം കാവ് സ്ഥിതി ചെയ്യുന്ന ഭൂമി കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതാണെന്നും കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിരുന്നു.

3) തുടർന്ന്, ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ പ്രകാരമുള്ള ഭൂമി വെള്ളരിക്കുണ്ട് താലൂക്കിലെ ഭീമനടി വില്ലേജിലെ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ടതും വനഭൂമിക്ക് സമാനവുമായ 1.4318 ഹെക്ടർ ഭൂമിയാണെന്ന് കാണുന്നു. സർവ്വെ പ്ലാനിൽ A മാർക്ക് രേഖപ്പെടുത്തിയിട്ടുള്ള പ്രസ്തുത ഭൂമി വില്ലേജ് റിക്കാർഡുകൾ പ്രകാരം AW (അസസ്ഡ് വേസ്റ്റ്) ഇനത്തിൽപെടുന്നതും, ഇടതൂർന്ന മരങ്ങളോടുകൂടി വനസമാനമായി കാണപ്പെടുന്നതുമാണ്. പ്രസ്തുത ഭൂമി നെൽ വയൽ, തണ്ണീർത്തടം, ജലസ്രോതസ്സ്, തീരം, സംരക്ഷിത സ്മാരകങ്ങൾ, വികസന സോണുകൾ, CRZ /മറ്റ് വിഭാഗങ്ങളിൽ വിജ്ഞാപനം ചെയ്ത നിയന്ത്രിത പ്രദേശങ്ങൾ എന്നിവയിൽ ഉൾപ്പെടാത്തതുമാണ്.

4) ഫെയർവാല്യൂ രജിസ്റ്റർ പ്രകാരം പ്രസ്തുത ഭൂമി ഗവൺമെന്റ് പ്രോപ്പർട്ടി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും, ലാൻഡ് കോഡ് നമ്പർ KRD 140132001 പ്രകാരം കേരള ലാൻഡ് ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. പ്രസ്തുത ഭൂമിക്ക് തൊട്ടടുത്തുള്ള പട്ടയ ഭൂമി (റീസർവ്വെ നം. 604/2- ഗാർഡൻ ലാൻഡ് വിത്ത് റോഡ് ആക്സസ്) ഒരു ആറിന് 20,160/- രൂപ ന്യായവില രേഖപ്പെടുത്തിയിട്ടുണ്ട്. ഇടതൂർന്ന മരങ്ങളോടുകൂടിയ വനസമാനമായി കാണപ്പെടുന്ന സ്ഥലമായതിനാൽ അനുഭവങ്ങൾ തിട്ടപ്പെടുത്താൻ സാധിച്ചിട്ടില്ല.

5) ഈ സാഹചര്യത്തിൽ, കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ട 1.4318 ഹെക്ടർ സ്ഥലം രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പരിഹാരവനവത്കരണത്തിനായി വനം വകുപ്പിന് കൈമാറാവുന്നതാണെന്ന് ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്യുകയും ടി വിഷയത്തിൽ മുൻപ് സമർപ്പിച്ച ശുപാർശ പരിഗണിക്കേണ്ടതില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

6) പ്രസ്തുത ഭൂമിയ്ക്ക് ആർ ഒന്നിന് 20160 രൂപ ന്യായവില നിശ്ചയിച്ചിരിക്കുന്നു. (സമീപഭൂമിയുടെ ന്യായവില) ആയതു പ്രകാരം 1.4318 ഹെക്ടർ ഭൂമിക്ക് (143.18 ആർ) 2886508.80/-രൂപ ന്യായവില നിശ്ചയിക്കാവുന്നതും ന്യായവിലയുടെ ഇരട്ടിയായ 5773017.60/- രൂപ കമ്പോള വില നിശ്ചയിക്കാവുന്നതുമാണ്. ഔപചാരിക ഭൂമി കൈമാറ്റത്തിന് കാലതാമസം ഉണ്ടാകുമെന്നതിനാൽ കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ട 1.4318 ഹെക്ടർ ഭൂമിയുടെ മുൻകൂർ കൈവശാനുമതി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾ പ്രകാരം പരിഹാര വനവത്കരണത്തിനായി വനം വകുപ്പിന് നൽകി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണോയെന്നും ഔപചാരിക ഭൂമി കൈമാറ്റ ഉത്തരവ് നടപടി പൂർത്തിയാകുന്ന മുറയ്ക്ക് പുറപ്പെടുവിക്കാവുന്നതാണോയെന്നുമുള്ള വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

7) ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

"AD is informed as follows;

The conditions/clauses prescribed by the MoEF, GoI and other conditions in the acquiring of forest land for the NHAI project are not furnished with the proposal. However, the cause for transfer of Revenue land to Forest department is for afforestation in lieu of the forest land reclaimed for National Highway widening, 'Finance' agrees to give permissive sanction of the parcel of land to the Forest Department for afforestation on condition that if the ownership of the government land need to be transferred to Gol, detailed proposal has to be furnished including the details mentioned above.

This has the approval of Hon'ble Minister (Finance)".

8) ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

9) ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി

"ദേശീയപാതാവികസനം മൂലം നഷ്ടമാകുന്ന വനഭൂമിക്ക് (NH 544 കുതിരാൻ ടണൽ നിർമ്മാണത്തിനായി ഏറ്റെടുത്ത വനഭൂമി) പകരം കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിലെ ഭീമനടി വില്ലേജിലെ റീസർവ്വേ നമ്പർ 553 ൽ പ്പെട്ട 1.4318 ഹെക്ടർ സ്ഥലം പരിഹാര വനവൽക്കരണത്തിന് അനുയോജ്യമാണെന്ന വിവരം അറിയിക്കുന്നു".

10) Forest (Conservation) Act 1980, Forest Conservation Rules,2003 എന്നിവയിന്മേൽ വ്യക്തത വരുത്തിക്കൊണ്ട് പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ താഴെപ്പറയും പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

"Any non-forest land for the purpose of Compensatory afforestation (CA), selected by the State Government, lieu of forest land to be diverted may be accepted by MoEFF & CC irrespective of crown density. All such lands shall be mutated in favour of State forest department and declared as protected forest prior to stage I approval".

ആയത് പ്രകാരം പരിഹാര വനവത്കരണത്തിനായി നല്കുന്ന ഭൂമി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യേണ്ടതാണ്. എന്നാൽ സേവന വകുപ്പുകൾ തമ്മിൽ കൈമാറ്റം ചെയ്യപ്പെടുന്ന എല്ലാ സർക്കാർ ഭൂമികളും കേരള ഭൂസംരക്ഷണ നിയമത്തിന്റെ പരിരക്ഷ ലഭിക്കും വിധം സർക്കാർ വക പുറമ്പോക്കാക്കി റവന്യൂ രേഖകളിൽ നിലനിർത്തേണ്ടതും 1966 ലെ പോക്കുവരവ് ചട്ടങ്ങളിലെ നടപടികൾ യാതൊരു കാരണവശാലും സ്വീകരിക്കാവുന്നതുമല്ല.

11) ഈ കേസിൽ രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റവ്യവസ്ഥകൾ പ്രകാരമല്ല പരിഹാര വനവത്കരണത്തിനായി വനം വകുപ്പിന് ഭൂമി കൈമാറി നല്കേണ്ടത്. പകരം പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി നല്കുന്ന ഭൂമി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കുകയാണ് ചെയ്യേണ്ടത് എന്ന് കാണുകയുണ്ടായി.

12) വടക്കാഞ്ചേരി -തൃശ്ശൂർ സെക്ഷൻ ദേശീയ പാതാ വികസനം മൂലം (എൻ.എച്ച് 544- കുതിരാൻ ടണൽ നിർമ്മാണത്തിനായി ഏറ്റെടുത്ത വനഭൂമി ) നഷ്ടമാകുന്ന വനഭൂമിക്ക് പകരം കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ട 1.4318 ഹെക്ടർ AW വിഭാഗത്തിൽപ്പെടുന്ന റവന്യൂ ഭൂമി, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം (ownership) വനം വകുപ്പിന് കൈമാറി നല്കുന്ന വിഷയത്തിൽ ഉത്തരവിനായി

ഫയൽ ചംക്രമണം ചെയ്തപ്പോൾ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

വടക്കാഞ്ചേരി -തൃശ്ശൂർ സെക്ഷൻ ദേശീയ പാതാ വികസനം മൂലം (എൻ.എച്ച് 544- കുതിരാൻ ടണൽ നിർമ്മാണത്തിനായി ഏറ്റെടുത്ത വനഭൂമി ) നഷ്ടമാകുന്ന വനഭൂമിക്ക് പകരം കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് താലൂക്കിൽ ഭീമനടി വില്ലേജിൽ റീസർവ്വെ നമ്പർ 553-ൽ ഉൾപ്പെട്ട 1.4318 ഹെക്ടർ AW വിഭാഗത്തിൽപ്പെടുന്ന റവന്യൂ ഭൂമി, കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പരിഹാര വനവത്കരണത്തിനായി സംസ്ഥാന വനം വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിലേക്കായി ഉടമസ്ഥാവകാശം(ownership) വനം വകുപ്പിന് കൈമാറി നൽകാവുന്നതാണോ?